**ഭരണഭാഷ- മാതൃഭാഷ**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**

ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033

ഫോൺ/ഫാക്സ് : 0471-2305318/0471-2305317

ഇ-മെയിൽ: ecostatdir@gmail.com

Website:www.ecostat.kerala.gov.in

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(സാന്നിധ്യം: സാം ജോസഫ്)**

വിഷയം :- ഡിഇഎസ്- ജീവനക്കാര്യം - ശ്രീമതി. ഷൈലജ എം.കെ. (പെൻ : 496147), സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് - നെ ജോലിയിൽ പ്രവേശിപ്പിച്ചു കൊണ്ടും ശ്രീ. രാജേഷ് വി. (പെൻ : 379508), ശ്രീ. പ്രകാശ് എ.പി. (പെൻ : 684253) എന്നിവരെ യഥാക്രമം സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, യു.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ റിവേർട്ട് ചെയ്ത് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അഡീഷണൽ ജനറൽ മാനേജർ (പി & എ)-യുടെ 17/11/2025 ലെ കെ എസ് സി എസ് സി/1375/2024-ഡി 1 (അഡ്മിൻ) നമ്പർ ഉത്തരവ്.

2) ശ്രീമതി. ഷൈലജ എം.കെ.-യുടെ 18/11/2025 ലെ സമർപ്പണം.

**ഉത്തരവ് നമ്പർ:ഡിഇഎസ്/5571/2025- ഇ ബി 3 തീയതി: 18-11-2025**

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൊച്ചി ഓഫീസിൽ 18/11/2021 മുതൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ഈ വകുപ്പിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി ഷൈലജ എം. കെ. (പെൻ : 496147)-യെ അന്യത്രസേവനം അവസാനിച്ചതിനാൽ പരാമർശം (1) പ്രകാരം 17/11/2025 അപരാഹ്നം പ്രാബല്യത്തിൽ മാതൃവകുപ്പിലേക്ക് വിടുതൽ ചെയ്ത് ഉത്തരവായിട്ടുണ്ട്. 18/11/2025 പൂർവ്വാഹ്നം പ്രാബല്യത്തിൽ ഈ ഓഫീസിൽ ജോലിയിൽ പ്രവേശിക്കുവാനായി പരാമർശം (2) പ്രകാരം ടിയാൾ ഹാജരായിട്ടുണ്ട്.

ശ്രീമതി ഷൈലജ എം. കെ. അന്യത്രസേവനം അവസാനിപ്പിച്ച് മാതൃവകുപ്പിൽ ജോലിയിൽ പ്രവേശിച്ചതിന്റെ അടിസ്ഥാനത്തിൽ 18/11/2025 പ്രാബല്യത്തിൽ ഈ വകുപ്പിലെ ഏറ്റവും ജൂനിയർ ആയ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീ. രാജേഷ് വി. (പെൻ : 379508) -യെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്ക് റിവർട്ട് ചെയ്തും സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലെ ജൂനിയർ ആയ ശ്രീ. പ്രകാശ് എ.പി. (പെൻ : 684253) -യെ നിലവിലുള്ള യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവിലേക്ക് റിവേർട്ട് ചെയ്തും ഈ ഓഫീസിൽ നിയമിച്ച് ഉത്തരവാകുന്നു. ശ്രീ.

രാജേഷ് വി. (പെൻ : 379508), സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് -നെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേക്ക് റിവർട്ട് ചെയ്ത ഒഴിവിൽ ശ്രീമതി ഷൈലജ എം. കെ. (പെൻ : 496147)-യെ 18/11/2025 പൂർവ്വാഹ്നം പ്രാബല്യത്തിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ ഈ ഓഫീസിലെ ഫെയർ കോപ്പി സെക്ഷനിൽ ജോലിയിൽ പ്രവേശിപ്പിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**SENIOR ADMINISTRATIVE OFFICER**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് : - 1) ഡയറക്ടറുടെ സി.എ.

2) ഡയറക്ടർ, സാസാ

3) അഡീഷണൽ ജനറൽ മാനേജർ ( പി & എ), കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, പി.ബി. നമ്പർ 2030, മാവേലി ഭവൻ, മാവേലി റോഡ്, ഗാന്ധിനഗർ, കൊച്ചി-682020

4) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം.

5) സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, അക്കൗണ്ട്സ് വിഭാഗം.

6) വിജിലൻസ്/ഗ്രഡേഷൻ സെൽ/ഇ- ഓഫീസ് സെക്ഷൻ.

7) ഫയൽ/കരുതൽ ഫയൽ